

# ജലനയങ്ങൾ കുത്തകകൾക്ക് അനുകൂലം : ജോസഫ് സ്റ്റിഗ്ലിസ്

തയ്യാറാക്കിയത് : ആശാലത, രാജഗോപാൽ കെ.

സാമ്പത്തിക ശാസ്ത്രത്തിനുള്ള 2001 ലെ നോബൽസമ്മാന ജേതാവാണ് ജോസഫ് സ്റ്റിഗ്ലിസ്. ആഗോളവൽക്കരണവും അസംതൃപ്തികളും (Globalisation and its discontents) ആഗോളവൽക്കരണം പ്രായോഗികമാക്കൽ (Making Globalization Work) എന്നീ പുസ്തകങ്ങളുടെ രചയിതാവായ ഇദ്ദേഹം ലോകബാങ്കിന്റെ ചീഫ് എക്കണോമിസ്റ്റും വൈസ് പ്രസിഡന്റുമായിരുന്നു. "ആഗോളവൽക്കരണം ഇന്ന് പ്രവർത്തനരഹിതമായിരിക്കുന്നു... ദരിദ്രർക്കിതാശ്വാസം നൽകുന്നില്ല... പരിസ്ഥിതിയെ നശിപ്പിക്കുന്നു, ആഗോളസമ്പദ്വ്യവസ്ഥയുടെ സുസ്ഥിരത താറുമാറാകുന്നു...." തുടങ്ങി തുറന്ന അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് ആഗോളവൽക്കരണത്തിന്റെ പ്രവർത്തനരീതികളെ വിമർശിച്ചുകൊണ്ടാണ് ഇദ്ദേഹം ശ്രദ്ധയാകർഷിച്ചത്. ആഗോളവൽക്കരണ ശ്രമങ്ങളുടെ ചുക്കാൻ പിടിച്ചിരുന്ന വ്യക്തിയുടെ അനുഭവങ്ങളുടെ വെളിച്ചത്തിലുള്ള ഈ വിലയിരുത്തൽ പ്രധാനമാവുന്നത് വികസ്വരരാജ്യങ്ങളുടെ വീക്ഷണത്തിലൂടെ ആഗോളവൽക്കരണത്തെ കാണാൻ ശ്രമിക്കുന്ന വികസിത രാഷ്ട്രക്കാരന്റെ ശ്രമമെന്നനിലയിലാണ്. ആഗോളവൽക്കരണത്തെ ഇദ്ദേഹം വിമർശിക്കുന്നില്ല. ആഗോളവൽക്കരണം പ്രാവർത്തികമാക്കുന്ന രീതികളെയാണദ്ദേഹം മുഖ്യമായും വിമർശിക്കുന്നത്. എങ്കിലും, വികസനത്തെക്കുറിച്ചും, ആഗോളവൽക്കരണം നടപ്പാക്കുന്ന രീതികളെക്കുറിച്ചും ലോകബാങ്കും വികസിതരാഷ്ട്രങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണങ്ങളിൽനിന്ന് അല്പം വ്യത്യസ്തമായ നിലപാടുകൾ അദ്ദേഹം സ്വീകരിക്കുന്നു എന്നതുതന്നെ പ്രധാനമാണ്. വികസനം എന്നത് ജീവിതത്തെ (ജീവിതരീതിയെ) മാറ്റിയെടുക്കലിന്, സമ്പദ്വ്യവസ്ഥയെ മാറ്റിയെടുക്കാൻ മാത്രമല്ലെന്നദ്ദേഹം അഭിപ്രായപ്പെടുന്നു. ദുർബ്ബലവിഭാഗങ്ങൾക്കും പാവങ്ങൾക്കുമുള്ള പരിപാടികൾ വികസ്വരരാഷ്ട്രങ്ങൾ തുടരണമെന്നദ്ദേഹം ആവശ്യപ്പെടുന്നു.

മൊത്തം ആഭ്യന്തരഉല്പാദനം മെച്ചപ്പെടുത്തുക എന്ന സാമ്പത്തിക പദ്ധതി ലക്ഷ്യമല്ല ആഗോളവൽക്കരണം സുസ്ഥിരവും സന്തുലിതവും ജനാധിപത്യരീതിയിലുള്ള വികസനമാണ് അത് ആരോഗ്യവിദ്യാഭ്യാസ പരിപാടികളിലും, ഗ്രാമവികസനപദ്ധതികളിലും വികസരരാഷ്ട്രങ്ങളിലെ സർക്കാരുകൾ ശ്രദ്ധിക്കണം അത്തരം മേഖലകളിൽനിന്ന് സർക്കാർ പിൻവാങ്ങുന്നത് അപകടമാണ്.

മിക്കവാറും രാജ്യങ്ങളിൽ ആഗോളവൽക്കരണം ഒരു ഗുണവും ഉണ്ടാക്കിയിട്ടില്ല. നീതിപൂർവ്വമല്ലാത്ത ഉറുഗ്വേ റൗണ്ട് ചർച്ചകൾ, മൂലധനം ഒരു തടസ്സവും കൂടാതെ ഏതു രാഷ്ട്രത്തിലേക്കും യഥേഷ്ടം കൊണ്ടുപോകാൻ കഴിയണമെന്ന വ്യവസ്ഥ, കാലാവസ്ഥാമാറ്റം സംബന്ധിച്ച ചർച്ചകളിൽ വികസിത രാജ്യങ്ങൾ കൈക്കൊള്ളുന്ന നിലപാടുകൾ, വികസ്വര രാഷ്ട്രങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെട്ട ബാങ്കിങ്ങ് പരിഷ്കാരങ്ങൾ, ബൗദ്ധികസ്വത്താവകാശങ്ങളിന്മേൽ ഏർപ്പെടുത്തിയ വാണിജ്യതല്പരനയങ്ങൾ മൂലം മരുന്നുകൾക്ക് വില കൂടിയത്, ദരിദ്ര രാഷ്ട്രങ്ങളുടെ കടം സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ വികസിത രാഷ്ട്രങ്ങൾ (ജി-8 രാജ്യങ്ങൾ) കൈക്കൊള്ളുന്ന നിലപാടുകൾ എന്നിവയെല്ലാം ആഗോളവൽക്കരണം അതിന്റെ ശരിയായ രീതിയിലല്ല എന്ന് വ്യക്തമാക്കുന്നു.

ബാങ്കിങ്ങ് മേഖലയിലെ പരിഷ്കാരങ്ങൾ വികസ്വര രാഷ്ട്രങ്ങളെ തകർക്കുന്നതിന്റെ ഉദാഹരണമാണ് മെക്സിക്കോയുടെ അനുഭവം. ബാങ്കിങ്ങ് മേഖല വിദേശ ബാങ്കുകൾക്ക് വേണ്ടി തുറന്നാൽ, സംഭവിക്കുന്നത് ചെറുകിട വ്യവസായങ്ങളുടേയും, കൃഷിയുടേയും മറ്റും തകർച്ചയാണ്. ചെറുകിട സ്ഥാപനങ്ങൾക്കോ, മറ്റ് ചെറു സംരംഭകർക്കോ വായ്പന നൽകാൻ വൻ ബാങ്കുകൾക്ക്-വിദേശ കുത്തക ബാങ്കുകൾക്ക് താല്പര്യമില്ല. അവയ്ക്ക് വലിയ കോർപ്പറേറ്റുകളെ സഹായിക്കാനേ



താല്പര്യമുള്ളൂ. ഇതുമൂലം, ചെറുകിട സംരംഭങ്ങൾ തകരുകയും, സമ്പദ്‌വ്യവസ്ഥ താറുമാറാവുകയും ജനങ്ങൾ ദുരിതത്തിലാവുകയും ചെയ്യുന്നു. കഴിഞ്ഞ 30 വർഷത്തിനിടെ ഇങ്ങനെ സംഭവിച്ച നൂറിലേറെ പ്രതിസന്ധികൾ വികസ്വര രാഷ്ട്രങ്ങൾക്ക് അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. വാസ്തവത്തിൽ, ആഗോളവൽക്കരണം മൂലം മൂലധനം വികസ്വര രാഷ്ട്രങ്ങളിലേക്ക് ഒഴുകുകയല്ല, മറിച്ച് മൂലധനം വികസിത രാഷ്ട്രങ്ങളിലേക്ക് ഒഴുകുകയാണ് ചെയ്യുന്നത്. അമേരിക്ക (യു.എസ്.എ.) 3 ബില്യൻ ഡോളറാണ് (1350 കോടിയോളം രൂപ) ദിവസേന വായ്പയെടുക്കുന്നത്. എങ്ങനെയാണ് വികസനം എന്ന് 'പഠിപ്പിക്കും' മുമ്പ് ലാറ്റിനമേരിക്കൻ രാജ്യങ്ങൾ പുരോഗതിയിലേക്ക് നീങ്ങുകയായിരുന്നു. 1950 കളിലും 60 കളിലും 70 കളിലും ഇത് വ്യക്തമായി കാണാം. എന്നാൽ, അന്താരാഷ്ട്ര സാമ്പത്തിക ഏജന്റുമാർ പഠിപ്പിച്ച സാമ്പത്തിക മാതൃകകൾ പിന്തുടരാൻ ശ്രമിച്ചതോടെ, രാജ്യങ്ങൾ തകർച്ചയിലേക്ക് നീങ്ങാൻ തുടങ്ങി. വികസിത രാഷ്ട്രങ്ങളും, വികസ്വര രാഷ്ട്രങ്ങളും തമ്മിലുള്ള വിടവ് കൂടുതൽ വർദ്ധിച്ചു. ആഫ്രിക്കയിലെ ദരിദ്രരുടെ എണ്ണം, ആഗോളവൽക്കരണനയങ്ങൾ നടപ്പാക്കിയശേഷം ഇരട്ടിക്കുകയാണുണ്ടായത്.

ആഗോളവൽക്കരണത്തിന്റെ ഭാഗമായി വികസ്വര രാഷ്ട്രങ്ങൾ അനുഭവിക്കുന്ന വ്യാകുലതകളെ വിശദീകരിക്കുകയും, ആഗോളവൽക്കരണത്തിന്റെ ജനാധിപത്യത്തിനുവേണ്ടി വാദിക്കുകയും ചെയ്യുന്ന, കൊളംബിയ സർവ്വകലാശാലയിലെ ധന-സാമ്പത്തിക വിഭാഗം പ്രൊഫസർ കേരളത്തിലെ വികേന്ദ്രീകരണാസൂത്രണത്തെക്കുറിച്ച് മനസ്സിലാക്കാൻ കൊച്ചിയിലെത്തി, അദ്ദേഹവുമായി നടത്തിയ ഹ്രസ്വസംഭാഷണത്തിൽനിന്ന്.

**● ഞങ്ങൾ മനസ്സിലാക്കുന്നത്, അല്ലെങ്കിൽ, ഞങ്ങളുടെ അനുഭവം പറയുന്നത് ലോകബാങ്കിന്റെ പ്രവർത്തനങ്ങൾ ഒരു പുതിയ ഇമ്പീരിയലിസ്റ്റ് സ്വഭാവമുള്ളതാണ് എന്നതാണ്. അങ്ങനെയാണോ?**

സ്റ്റിഗ്ലിസ് - എനിക്കു തോന്നുന്നത് അത് കൂടുതൽ സങ്കീർണ്ണമാണ് എന്നാണ്. ലോകബാങ്ക് അന്താരാഷ്ട്ര നാണ്യനിധി (ഐ.എം.എഫ്.) യേക്കാൾ സങ്കീർണ്ണമാണ്. വികസ്വര രാജ്യങ്ങളിൽ ലോകസാമ്പത്തിക സംവിധാനങ്ങൾ കടുത്ത സാമ്പത്തിക സങ്കുചിതത്വത്തോടെയും, നിയോലിബറൽ യാഥാസ്ഥിതികത്വത്തോടെയും സമീപിക്കുന്നുണ്ട്. യു.എസും, അനുബന്ധ രാഷ്ട്രങ്ങളോടുള്ള അനുകൂലനയങ്ങളാണ് ഇവയെ നയിക്കുന്നത്. ഞാൻ ഊന്നാൻ ശ്രമിക്കുന്നത്. ഇതിന്റെ ഒരു ഭാഗം സാമ്പത്തിക ഐഡിയോളജിയും, ഒരു ഭാഗം ചില സങ്കുചിത താല്പര്യങ്ങളുമാണ്. ഇത് പലപ്പോഴും നിയോകൊളോണിയൽ ആശയങ്ങളാവുന്നുണ്ട്. ഇവ പലപ്പോഴും കുടിക്കുഴയുന്നുമുണ്ട്. അവർക്ക് വികസിത രാഷ്ട്രങ്ങളിലെ ബാങ്കുകളുടെ താല്പര്യങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്. ഇത് സ്വതന്ത്ര കമ്പോള ആശയത്തെ പന്തുണക്കലാണ്. ഇതിനു പിറകിലുള്ള രാഷ്ട്രങ്ങളുടെ താല്പര്യങ്ങളും ഈ ആശയത്തിനു പിറകിലുണ്ട്. വികസിത രാഷ്ട്രങ്ങളുടെ സാമ്പത്തിക സ്ഥാപനങ്ങളെ പിന്താങ്ങുന്നതുവഴി അമേരിക്കയുടെ കോർപ്പറേറ്റ് താല്പര്യങ്ങളേയും ഇവർ പിന്താങ്ങുന്നു. അത് അന്തിമമായി അമേരിക്കയുടെ താല്പര്യങ്ങളാവുന്നു. അത് അമേരിക്കയിലെ വൻകുത്തകകളുടെ താല്പര്യങ്ങളുടെ സംരക്ഷണമാവുന്നു.

ലോകബാങ്കിന്റെ പ്രവർത്തനം അതിനേക്കാൾ സങ്കീർണ്ണമാണ്. ലോകബാങ്കിന്റെ സങ്കൽപമനുസരിച്ച്, അതത് രാഷ്ട്രങ്ങൾ തന്നെവേണം വികസനത്തിന്റെ ചുക്കാൻ പിടിക്കാൻ ജനാധിപത്യരീതിയിൽ വേണം ഇത് നടപ്പാക്കാൻ. എന്നാൽ പലപ്പോഴും, പ്രായോഗികതലത്തിൽ സംഭവിക്കാറേയില്ല. എന്നാൽ, അടുത്ത കാലത്തായി ലോകബാങ്കിന്റെ ഈ സങ്കല്പങ്ങൾക്ക് മാറ്റങ്ങൾ വരുന്നുണ്ട്.

**● എന്നാൽ, നമ്മുടെ അനുഭവത്തിൽ ലോകബാങ്ക് ചെയ്യുന്നത് വികസ്വരരാഷ്ട്രങ്ങളിലെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് എളുപ്പമാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു എന്നതാണ് - അമേരിക്കയുടെ താല്പര്യങ്ങൾക്ക് - അമേരിക്കൻ കുത്തകകമ്പനികളുടെ താല്പര്യങ്ങൾക്ക് അനുകൂലമായ നടപടികൾ കൈക്കൊള്ളാൻ വികസ്വരരാഷ്ട്രങ്ങൾ നിർബന്ധിക്കപ്പെടുന്നു.**

ലോകബാങ്കിന്റെ നിലപാടുകളിൽ മാറ്റങ്ങൾ വരുന്നുണ്ട്. ലോകബാങ്ക് ഇപ്പോൾ കൂടുതലായി ഊന്നുന്നത് വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലാണ് ലോകബാങ്ക് നയങ്ങളിൽ ഇപ്പോൾ കോർപ്പറേറ്റുകളുടെ സ്വാധീനം താരതമ്യേന കുറവാണ്. ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ രാജ്യത്തെല്ലാവർക്കും ലഭ്യമാക്കാൻ കഴിയുന്ന പരിഷ്കാരങ്ങളാണ് ലോകബാങ്ക് നിർദ്ദേശിക്കുന്നത്.

മറ്റ് പദ്ധതികളിൽ, പ്രത്യേകിച്ച് ജലപദ്ധതികളിൽ വൻ (അമേരിക്കൻ) കുത്തകകളാണ് നേട്ടമുണ്ടാക്കുന്നത്. അതുകൊണ്ട് എല്ലാ പദ്ധതികളേയും ഒരേപോലെ വിലയിരുത്താനാവില്ല. ഞാൻ ലോകബാങ്കിന്റെ ചീഫ് എക്കണോമിസ്റ്റായിരുന്നപ്പോൾ, അമേരിക്കയും മറ്റ് വികസിത രാഷ്ട്രങ്ങളും കൃഷിക്ക് നല്കുന്ന സബ്സിഡിയെ എതിർത്തിട്ടുണ്ട്. ബൗദ്ധികസ്വത്തവകാശ നയങ്ങളേയും ഞങ്ങൾ എതിർത്തിരുന്നു. അത്തരത്തിലുള്ള ചില നയങ്ങൾ നടപ്പാക്കുന്നത് പ്രശ്നങ്ങൾക്കിടയാക്കുമെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു.

ആശ. 9447166907